പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4040 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.-യിലെ എ.ഒ മാരും ഹയർ ഡിവിഷൻ ആഫീസർമാരും

ചോദ്യം

ശ്രീ. എം. വിൻസെന്റ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ ചീഫ് ആഫീസ് ഒഴികെ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരുടെ (എ.ഒ) ആകെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ ; | (എ) | ഇരുപത് (20). |
| (ബി) | ഇപ്രകാരം എ.ഒ.- മാരെ യൂണിറ്റുകളിൽ നിയമിക്കുന്നത് യൂണിറ്റുകളിലെ ഏത് മാനദണ്ഡം പരിഗണിച്ചാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഭരണസൗകര്യാർത്ഥം എ.ഒ. തസ്തിക അനിവാര്യമായിട്ടുള്ള യൂണിറ്റുകളിലാണ് എ.ഒ. മാരെ നിയമിച്ചിരിക്കുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ ആഫീസർ തസ്തിക സ്ഥിരം ജീവനക്കാരുടെ ഒരു ശതമാനമായി വർദ്ധിപ്പിച്ചത് ഏത് ശമ്പള പരിഷ്കരണ കരാർ പ്രകാരമാണ്; ഇത് ഏതൊക്കെ കാറ്റഗറിയിൽ നടപ്പിലാക്കിയിട്ടുണ്ട്; മിനിസ്റ്റീരിയൽ വിഭാഗത്തിൽ നടപ്പാക്കാത്തതിന്റെ കാരണം വിശദീ കരിക്കുമോ; | (സി) | കെ.എസ്.ആർ.റ്റി.സി.യിലെ ഹയർ ഡിവിഷൻ ആഫീസർ തസ്തികയിൽ സ്ഥിരം ജീവനക്കാരുടെ ഒരു ശതമാനമായി വർദ്ധിപ്പിക്കാൻ സർക്കാർ ഉത്തരവ് ഉണ്ടായിട്ടില്ലാത്തതിനാൽ ശമ്പള പരിഷ്ക്കരണ കരാർ പ്രകാരം കെ.എസ്.ആർ.റ്റി.സി.യിൽ ഒരു വിഭാഗത്തിലും നിയമനം നടത്തിയിട്ടില്ല. |
| (ഡി) | കോർപ്പറേഷനിലെ മെക്കാനിക്കൽ/ ഓപ്പറേഷൻ വിഭാഗം കാറ്റഗറിയിലെ ഹയർ ഡിവിഷൻ തസ്തികകളുടെ എണ്ണം പരിശോധിച്ചാൽ ഏറ്റവും കുറവ് മിനിസ്റ്റീരിയൽ | (ഡി) | സർക്കാർ അംഗീകരിച്ചിട്ടുള്ള ഹയർ ഡിവിഷൻ മിനിസ്റ്റീരിയൽ വിഭാഗത്തിലെ എല്ലാ തസ്തികയിലും ആളെ നിയമിച്ചിട്ടുള്ളതാണ്. ആയതിനാൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ മാത്രമായി ജീവനക്കാരുടെ എണ്ണത്തിൽ |

| | | | |
|---|---|---|---|
| | വിഭാഗത്തിനാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | കുറവുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ